ഉത്തരം

(എ) നാലു ബസ്സുകളും പത്തു ട്രിപ്പുകളും (റൗണ്ട് ട്രിപ്പ്) നടത്തുന്നുണ്ട്.

(ബി) ഒരു ബസ് ഒരു ട്രിപ്പ് നടത്തുന്നുണ്ട്. അത് 17.25-ന് സ്റ്റാച്യുവിൽനിന്നും പുറപ്പെടുന്നു.

(സി) പാളയത്തുനിന്നും രാത്രി ഒരു ട്രിപ്പ് നടത്തുന്നുണ്ട്.

(ഡി) വൈകുന്നേരം 5.25-ന് സ്റ്റാച്യുവിൽനിന്നും രാത്രി പാളയത്തുനിന്നും ഓരോ സർവ്വീസ് ഉള്ളതുകൊണ്ട് കൂടുതൽ സർവ്വീസ് ആവശ്യമാണെന്ന് തോന്നുന്നില്ല.

സ്റ്റാച്യു–കരകുളം ബസ്

88 [127] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാച്യു ജംഗ്ഷനിൽനിന്നും കരകുളം ജംഗ്ഷൻവരെ ആകെ എത്ര ബസ് സർവ്വീസ് നടത്തുന്നുണ്ട്;

(ബി) യാത്രക്കാരുടെ സൗകര്യാർത്ഥം രാവിലെ 9-30-ന് കരകുളത്തുനിന്നും തിരിക്കത്തക്കവിധത്തിൽ ഒരു സിറ്റി ബസ് സർവ്വീസ് നടത്തുവാൻ വേണ്ട നടപടികളും എടുക്കുമോ?

ഉത്തരം

(എ) സ്റ്റാച്യു ജംഗ്ഷനിൽനിന്നും കരകുളം വഴി അരുവിക്കരയിലേക്ക് ഇപ്പോഴും ഒരു സർവ്വീസ് നിലവിലുണ്ട്. ഇതിനുപുറമേ കിഴക്കേകോട്ടയിൽനിന്നും സ്റ്റാച്യു വഴി കരകുളം കടന്നുപോകുന്ന അഞ്ചു സർവ്വീസുകളും കൂടി നിലവിലുണ്ട്.

(ബി) ഈ സമയത്ത് അഴീക്കോട് നിന്നും അരുവിക്കര നിന്നും കരകുളം വഴി പല സർവ്വീസുകളും നിലവിലുള്ളതിനാലും ബസ്സുകളുടെ അപര്യാപ്തതയും, സ്റ്റാഫിന്റെ കുറവുംമൂലവും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നിർവ്വാഹമില്ല.

സെക്രട്ടറിയേറ്റ്–നെടുമങ്ങാട് ബസ് സർവ്വീസ്

89 [128] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടറിയേറ്റിൽനിന്നും നെടുമങ്ങാടുവരെ സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ ലിമിറ്റഡ് സ്റ്റോപ്പ് ബസ് കരകുളം പാലം ജംഗ്ഷനിൽകൂടി നിറുത്തി അവിടെയുള്ള യാത്രക്കാരെക്കൂടി കൊണ്ടുപോകുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly